പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *233

17-08-2017 ലെ മറുപടി

## ജലവിഭവത്തിന്റെ കാര്യക്ഷമമായ വിനിയോഗം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.ടി.എ.അഹമ്മദ് കബീർ<br>ശ്രീ.സി.മമ്മൂട്ടി | | മാത്യു.ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) | ജലവിഭവത്തിന്റെ കാര്യക്ഷമമായ വിനിയോഗവുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾക്ക് റാങ്ക് നിശ്ചയിക്കുന്നതിനായുള്ള കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ നയം വ്യക്തമാക്കുമോ; | (എ) | ജലവിഭവത്തിന്റെ കാര്യക്ഷമമായ വിനിയോഗവും വികസനവുമായി ബന്ധപ്പെട്ട് 'നീതി ആയോഗ്' തയ്യാറാക്കിയ "കോമ്പസിറ്റ് വാട്ടർ മാനേജ്മെന്റ് ഇൻഡക്സ്" എന്ന വിവരവിശകലന സൂചിക പ്രകാരം 28 മുഖ്യക്ഷമതാ സൂചകങ്ങൾ (Key Performance Indicators – KPI) സംസ്ഥാനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത ചോദ്യാവലിയുമായി ബന്ധപ്പെട്ട് യോഗം ചേരുകയും ജലസേചന വകുപ്പ്, കേരള ജല അതോറിറ്റി, ഐ.ഡി.ആർ.ബി ചീഫ് എഞ്ചിനീയർ, ജലനിധി, ഭൂജലവകുപ്പ് എന്നീ വകുപ്പ് മേധാവികളുടെയും ആസൂത്രണ ബോർഡിന്റെയും കൈവശമുള്ള രേഖകളും വിവരങ്ങളും അവലോകനം ചെയ്ത് സൂചികയിൽ നിർദ്ദേശിച്ചിട്ടുള്ള വിവരങ്ങൾ പൂർത്തിയാക്കാൻ ആവശ്യമായ ഡാറ്റ ലഭ്യമാണോ എന്ന് പരിശോധിക്കാനും തീരുമാനിച്ചു. കാര്യക്ഷമത നിർണ്ണയിക്കുന്ന സൂചികയിൽ ചില മാറ്റങ്ങൾ ആവശ്യമുള്ളതായി ആസൂത്രണബോർഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തിന്റെ ജലവിഭവ വിനിയോഗം കാര്യക്ഷമവും ഭാവിയെ മുൻകൂട്ടി കണ്ടിട്ടുള്ളതുമാണോ എന്ന | (ബി) | സംസ്ഥാനത്തിന്റെ ലഭ്യമായ ജലവിഭവ (ഉപരിതലവും ഭൂജലവും ഉൾപ്പെടെ) പരിപാലനവും ഭാവി ആവശ്യങ്ങളും ഉൾപ്പെടുത്തി സംസ്ഥാന |

| | | |
|---|---|---|
| | കാര്യത്തിൽ എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | പ്ലാനിംഗ് ബോർഡ്, പരിശോധന നടത്തി "ഭാവി പരിപ്രേഷ്യാ 2030" എന്ന രേഖ പുറത്തിറക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം 2031 ആകുമ്പോൾ ജല ആവശ്യം വലിയ തോതിൽ വർദ്ധിക്കുമെന്ന് ചൂണ്ടിക്കാട്ടുന്നു. ഇത് പരിഹരിച്ച് മുന്നോട്ടു പോകുന്നതിന് ലഭ്യമാകുന്ന ജലം സംരക്ഷിച്ച്, ജലവിനിയോഗം കാര്യക്ഷമവും ജലനഷ്ടം കുറയ്ക്കുന്നതുമാക്കി മാറ്റേണ്ടതുണ്ട്. ഇതോടൊപ്പം വ്യക്തിഗത ജലവിനിയോഗത്തിൽ മിതത്വം കൊണ്ടു വരുകയും വേണം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ജലസേചന വകുപ്പ് നടത്തി വരുന്നുണ്ട്. നിലവിലുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചാരണവും വേഗതയും ജനപങ്കാളിത്തവും ഉറപ്പാക്കുന്നതിന് ഹരിതകേരളം മിഷന്റെ ഭാഗമായുള്ള ജലവിഭവ മിഷൻ പ്രവർത്തനങ്ങൾ മുഖേന കഴിയും.<br>ഭൂജലവകുപ്പും ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജലസ്ഥിതിയെപ്പറ്റി പഠനങ്ങൾ നടത്തിവരുന്നു. 2013 മാർച്ച് വരെയുള്ള റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വൻകിട ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും അളക്കുവാനുമുള്ള നടപടികൾ നടന്നുവരുന്നു.<br>സംസ്ഥാനത്തിന്റെ ജലവിഭവ വിനിയോഗം കാര്യക്ഷമമാക്കുന്നതിനുതകുന്നതിന്റെ ഭാഗമായിട്ട് കുടിവെള്ള ദേശീയ ശില്പശാല (Issues and challenges of Drinking Water Management in Kerala) 2015 ൽ സംസ്ഥാന ആസൂത്രണ ബോർഡും കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് & ടെക്നോളജി ആന്റ് എൻവയോൺമെന്റിന്റെയും നേതൃത്വത്തിൽ നടത്തുകയും അതിന്റെ റിപ്പോർട്ട് സംസ്ഥാന |

| | | | |
|---|---|---|---|
| | | | ആസൂത്രണ ബോർഡിന്റെ വെബ്സൈറ്റിൽ (www.spb.kerala.gov.in) ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ കേന്ദ്ര നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 28 മേഖലകളിൽ സംസ്ഥാനത്തിന്റെ പെർഫോർമൻസ് വിലയിരുത്താനും തിരുത്തൽ ആവശ്യമുള്ളപക്ഷം നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ? | (സി) | നീതി ആയോഗിൽ നിന്നും ലഭിച്ചിട്ടുള്ള സൂചികയിൽ ഉൾപ്പെടുത്തിയിട്ടുള്ള 28 മേഖലകളിൽ തിരുത്തലുകളും നിർദ്ദേശങ്ങളും ആവശ്യമാണെന്ന് ആസൂത്രണ ബോർഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ആസൂത്രണബോർഡും മറ്റ് വകുപ്പുമേധാവികളും നിർദ്ദേശിക്കുന്ന മാറ്റങ്ങൾ സൂചികയിൽ ഉൾപ്പെടുത്തി നീതി ആയോഗിന് നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ